بسم الله الرحمن الرحيم

# PAMPHLETS

*Distributed by:*

**Amir Dr. Thahir Sahib,**
**Kerala - India**

# വ്യാജവാദി കൊല്ലപ്പെടും

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ
الْأَقَاوِيلِ ۝ لَأَخَذْنَا مِنْهُ بِالْيَمِينِ ۝ ثُمَّ
لَقَطَعْنَا مِنْهُ الْوَتِينَ ۝ فَمَا مِنكُم مِّنْ أَحَدٍ
عَنْهُ حَاجِزِينَ ۝ وَإِنَّهُ لَتَذْكِرَةٌ لِّلْمُتَّقِينَ ۝

**അദ്ദേഹം നമ്മുടെ മേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നുവെങ്കിൽ നാം അദ്ദേഹത്തെ വലതു കൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തു കളയുമായിരുന്നു. അപ്പോൾ, അതിനെ തടയുന്നവരാരും നിങ്ങളിലുണ്ടായിരിക്കുകയില്ല.**

(വിശുദ്ധ ഖുർആൻ അൽഹാഖ 44–47)

വല്ലവനും അല്ലാഹു തന്നോട് പറഞ്ഞതാണെന്ന് വ്യാജമായി വചനങ്ങൾ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുന്നതായാൽ അല്ലാഹു അയാളെ പിടിക്കുകയും ഈ ലോകത്തുവെച്ചു തന്നെ നശിപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അയാളെ രക്ഷിക്കാൻ ആർക്കും സാധിക്കുകയില്ല. കള്ളവാദിക്കുണ്ടാകുന്ന അനുഭവമാണിത്. എന്നാൽ സത്യവാദിയെ അല്ലാഹു സഹായിക്കുകയും ലോകത്തുള്ള ഒരു ശക്തിക്കും നശിപ്പിക്കാൻ സാധിക്കാത്തവണ്ണം അദ്ദേഹത്തിന് പുരോഗതി നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു. സത്യവാദിയുടെ പ്രത്യക്ഷ അടയാളമത്രെ ഇത്. ഖുർആൻ പലവചനങ്ങളിലുമായി ഇക്കാര്യം വിവരിച്ചിട്ടുണ്ട്.



# സത്യവാദിയെ അല്ലാഹു വിജയിപ്പിക്കുക തന്നെ ചെയ്യും

**ഹസ്രത്ത് അഹ്മദ് (അ) പറയുന്നു.**

**മലക്കുകളുടെയും റൂഹുൽ ഖുദുസിന്റെയും അവരോഹണം, എന്നുവച്ചാൽ ആകാശത്തിൽ നിന്നുള്ള ഇറക്കം, മഹോന്നതനായ ഒരു വ്യക്തി ഖിലാഫത്തിന്റെ ആടയണിഞ്ഞുകൊണ്ടും ദൈവഭാഷണമാകുന്ന അനുഗ്രഹം നേടിക്കൊണ്ടും ഭൂമിയിൽ അവതരിക്കുമ്പോഴാണ് സംഭവിക്കുക. ഈ ഖലീഫയ്ക്ക് സവിശേഷരീതിയിൽ റൂഹുൽ ഖുദുസ് ലഭിക്കുന്നു.**

(റൂഹാനീ ഖസായിൻ വാല്യം 3, ഭാഗം 12, ഫത്ഹെ ഇസ്ലാം, ഭാ. 16, ഒന്നാം പതിപ്പ് )

**തീർച്ചയായും ഞാൻ തന്നെയാണ് ഈ നൂറ്റാണ്ടിലേക്കുള്ള ഏക ഖലീഫത്തുല്ല ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഒരേയൊരു ദാസൻ. അല്ലാഹു എന്നെ മുജദ്ദിദ് ആയി അയച്ചിരിക്കുന്നു. എന്നാൽ ഉലമാക്കളും അവരുടെ അഹ്മദിയ്യാ ഖലീഫയും ഈ കാലത്തെ മറ്റ് മുസ്ലിം ഉലമാക്കളും ദൈവിക പ്രവാചകന്മാർ അയക്കപ്പെടുന്ന കാലഘട്ടങ്ങളിലെ പോലെ എന്നെ അംഗീകരിക്കാൻ വിസമ്മതിച്ചിരിക്കുന്നു. അല്ലാഹു എന്നെ മുജദ്ദിദിന്റെ വേഷം അണിയിച്ചിരിക്കുന്നു. ഞാൻ മനുഷ്യരുടെ കൈകളാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ല. തീർച്ചയായും ഞാൻ ഈ കാലഘട്ടത്തിലെ മുജദ്ദിദാകുന്നു. (അനൽ മുജദ്ദിദോ)**

**പ്രതാപവാനായ അല്ലാഹു എന്നോട് സംസാരിക്കുന്നു. എനിക്ക് അവനിൽ നിന്ന് സന്ദേശങ്ങൾ ലഭിക്കുന്നു. ദൈവിക രഹസ്യങ്ങൾ എനിക്ക് വെളിപ്പെടുത്തുന്നു. ദൈവിക ദൂതന്മാർക്ക് ലഭിക്കുന്ന വെളിപാടുകൾ ശയ്ത്താന്റെ ഇടപെടലുകൾക്ക് മുക്തമാണ്. അതുപോലെ തന്നെ എനിക്ക് ലഭിക്കുന്ന വെളിപാടുകളും.**

ഹസ്രത്ത് മുനീർ അഹ്മദ് അസീം ഹിജ്റ 15–ാം നൂറ്റാണ്ടിൽ അല്ലാഹുവിനാൽ നിയോഗിതനായ ഖലീഫത്തുല്ലയും, മുജദ്ദിദും, മുഹ്യിദ്ദീനും, അമീറുൽ മുഅ്മിനീനാണെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നുവെന്നും ഇരുപത് വർഷമായി അല്ലാഹുവിൽ നിന്ന് വെളിപാട് ലഭിക്കുകയും അല്ലാഹു എന്നോട് സംസാരിക്കുകയും ചെയ്തിരിക്കുന്നുവെന്ന് വാദിക്കുകയും അതിൽ നിശ്ചയദാർഢ്യത്തോടെ നിലകൊള്ളുകയും ചെയ്യുന്നു. 20 വർഷമായിട്ടും അല്ലാഹു അദ്ദേഹത്തിന്റെ ജീവനാഡി അറുത്തുകളഞ്ഞില്ല. അദ്ദേഹത്തിന്റെ ദൈവീക അറിയിപ്പ് പ്രകാരം രൂപീകരിച്ച ജമാഅത്തു സഹീഹുൽ ഇസ്ലാമിലേക്ക് സത്യാത്മാക്കൾ പ്രവേശിച്ചുകൊണ്ട് സത്യവാദിയെ അല്ലാഹു സഹായിക്കുകയും വിജയിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**Dr. E. THAHIR Ameer, Jamaat ul Sahih Al Islam (North Kerala) Ph: 9746 525 847**

**محكمات**
**(ഖണ്ഡിത വചനം)**
**متشابهات**
**(സദൃശ വചനം)**

هُوَ ٱلَّذِىٓ أَنزَلَ عَلَيْكَ ٱلْكِتَـٰبَ مِنْهُ ءَايَـٰتٌ مُّحْكَمَـٰتٌ هُنَّ أُمُّ ٱلْكِتَـٰبِ
سورة آل عمران
وَأُخَرُ مُتَشَـٰبِهَـٰتٌ ۖ فَأَمَّا ٱلَّذِينَ فِى قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَـٰبَهَ مِنْهُ
ٱبْتِغَآءَ ٱلْفِتْنَةِ وَٱبْتِغَآءَ تَأْوِيلِهِۦ ۗ وَمَا يَعْلَمُ تَأْوِيلَهُۥٓ إِلَّا ٱللَّهُ ۗ وَٱلرَّٰسِخُونَ
فِى ٱلْعِلْمِ يَقُولُونَ ءَامَنَّا بِهِۦ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟
ٱلْأَلْبَـٰبِ ﴿٧﴾

**അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിത വചനങ്ങളാണ്. അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റു ചിലത് സദൃശ വചനങ്ങളുമാണ്. എന്നാൽ ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കുവാൻ ആഗ്രഹിച്ചും അതിനെ ദുർവ്യാഖ്യാനം ചെയ്യുവാനുദ്ദേശിച്ചുകൊണ്ട് അതിൽ നിന്ന് സദൃശമായതിനെ പിന്തുടരുന്നു. വാസ്തവത്തിൽ അല്ലാഹുവും അറിവിൽ അടിയുറച്ചവരുമല്ലാതെ അതിന്റെ (യഥാർഥ) വ്യാഖ്യാനം അറിയുന്നില്ല. 'ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു എല്ലാം ഞങ്ങളുടെ നാഥനിൽ നിന്നുള്ളതാണ്' എന്ന് പറയുന്നു. ബുദ്ധിമാന്മാരല്ലാതെ ആരും തന്നെ ഉപദേശം സ്വീകരിക്കുകയില്ല.** (ഖുർആൻ ആലുഇംറാൻ - 8)

## 1. ഖാതമുന്നബിയ്യീൻ

നബിതിരുമേനി (സ) അന്ത്യപ്രവാചകനാണ് (ഖാതമുന്നബിയ്യീൻ) എന്നാണ് മുസ്‌ലിം ലോകം വിശ്വസിച്ചുവരുന്നത്. ഖാതം എന്ന പദത്തിന് മുദ്ര എന്നാണർത്ഥം അതുകൊണ്ട് തന്നെ ഖാതം എന്നത് ( متشابهات ) ആലങ്കാരിക വചനമാണ്. ഖുർആനിൽ എവിടെയെല്ലാം ( متشابهات ) ആലങ്കാരിക വചനങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം വ്യാഖ്യാനിക്കപ്പെടേണ്ടതാണ്. മുദ്ര (seal) എന്നത് ഒരു ആലങ്കാരിക പ്രയോഗമാണ്. അതൊരു (محكمات) ഖണ്ഡിത വചനമല്ല മുദ്ര എന്നതിന്റെ വ്യാഖ്യാനം നബി തിരുമേനിയുടെ മുദ്രയില്ലാതെ ഒരു പ്രവാചകനും വരാൻ സാധ്യമല്ല എന്നതാണ്.

## 2. കള്ളവാദിയുടെ ജീവനാഡി അല്ലാഹു അറുത്തുകളയുമെന്നതിന്റെ വിവക്ഷ

ഇവിടെ അദ്ദേഹമെന്ന് പറയുന്നത് (متشابهات) ആലങ്കാരിക വചനമാണ്. അല്ലാഹു അദ്ദേഹത്തിന്റെ ജീവനാഡി അറുത്തുകളയുമെന്ന് പറയുന്നത് ( محكمات )ഖണ്ഡിത വചനമല്ല. അദ്ദേഹം എന്ന് പറയുന്നത് നബി തിരുമേനിയെ കുറിച്ചല്ല. ആരാണോ കള്ളവാദവുമായി വരുന്നത് അവരെ കുറിച്ചാണ് പറയുന്നത്. വിശുദ്ധ ഖുർആനിൽ എവിടെയെല്ലാം നീ എന്ന് അഭിസംബോധന ചെയ്ത സ്ഥലത്തെല്ലാം നബിതിരുമേനിയെ മാത്രം ഉദ്ദേശിച്ചല്ല പറഞ്ഞിരിക്കുന്നത്. ഖുർആനിന്റെ സംബോധിതരെ മുഴുവൻ ഉദ്ദേശിച്ചാണ്.

വിശുദ്ധ ഖുർആൻ ആദ്യം അവതരിച്ച വചനമായ ഇഖ്റഅ് (اقرأ ) എന്ന വചനത്തിന് നീ വായിക്കുക എന്ന പദാനുപദ അർത്ഥമാണ് നൽകുന്നതെങ്കിൽ മുഹമ്മദ് നബി(സ) തന്നെ വായിച്ചാൽ മതി വേറെ ആരും വായിക്കേണ്ടതില്ല ഖുർആൻ മറ്റാർക്കും ബാധകമല്ല എന്ന് പറയേണ്ടി വരും. ഇതുപോലെ രാത്രികാലങ്ങളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നതിനെ കുറിച്ച് ചിലർപറഞ്ഞത് പോലെ അത് മുഹമ്മദ്നബിയോട് മാത്രം പറഞ്ഞതാണ് നമുക്കത് ബാധകമല്ല.

ഹസ്രത്ത് അഹ്മദ് (അ) 14 – ാം നൂറ്റാണ്ടിൽ ദൈവനിയുക്തനായ മുജദ്ദിദും, വാഗ്ദത്ത മസീഹും, മഹ്ദിയുമാണെന്ന് വാദിക്കുകയും റസൂൽ തിരുമേനി (സ) 23 വർഷം ദൈവനിയുക്തനായതുപോലെ 23 വർഷം അല്ലാഹുവിൽ നിന്ന് വെളിപാട് ലഭിക്കുകയും, ദൈവ ഭാഷണം തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുകയും ആ വാദത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തുകൊണ്ട് ആരെങ്കിലും നിലനിന്നിട്ടുണ്ടെങ്കിൽ (ആ വാദിയും, വാദിയുടെ സംഘവും) അത് സത്യവാദി മാത്രമായിരിക്കും. അതുകൊണ്ടാണ് ഹസ്രത്ത് അഹ്മദ് (അ)ഉം സംഘവും നിലനിൽക്കുന്നത്. ഇതുപോലെ തന്നെയാണ് 15 – ാം നൂറ്റാണ്ടിൽ ദൈവനിയുക്തനായ മുജദ്ദിദും, ഖലീഫത്തുല്ലയും, മുഹ്‌യിദ്ദീനുമായ ഹസ്രത്ത് മുനീർ അഹ്മദ് അസീം സാഹിബ് 20 വർഷമായി അല്ലാഹുവിൽ നിന്ന് വെളിപാട് ലഭിക്കുകയും, ദൈവഭാഷണം തുടർച്ചയായി ലഭിക്കുന്നുവെന്ന് വാദിക്കുകയും അതിൽതന്നെ നിലനിൽക്കുകയും ചെയ്യുന്നു.

കള്ളപ്രവാചകത്വ വാദം പുറപ്പെടുവിച്ച വ്യക്തിയോ അയാളുടെ പ്രസ്ഥാനമോ പിൽക്കാലത്ത് നിലനിന്നതായി തെളിയിച്ചു കാണിക്കുവാൻ സാധ്യമല്ല. മുസൈലിമയും, അസ്‌വദുൽ അൻസിയുമെല്ലാം ചരിത്രം നിഷ്കാസനം ചെയ്തവരാണ്. അവരെ ലോകം തമസ്കരിക്കപ്പെട്ടവരാണ്. വിശ്വാസികൾ കള്ളപ്രവാചന്മാരാണെന്ന് സ്ഥാപിക്കാൻ വേണ്ടി മാത്രമേ ഉപയോഗിക്കാറുള്ളൂ.

Dr. E. THAHIR Ameer, Jamaat ul Sahih Al Islam (North Kerala) Ph: 9746 525 847

# പ്രകൃതി ദുരന്തങ്ങളും പ്രവചനങ്ങളും



## മാനവരാശി അനുഭവിക്കുന്ന ആപത്തുകൾ കേവലം പ്രകൃതി ദുരന്തങ്ങൾ മാത്രമോ?

وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا

വിശുദ്ധ ഖുർആൻ പറയുന്നു.
' ഒരു ദൂതനെ നിയോഗിക്കാതെ നാം ശിക്ഷ ഇറക്കാറില്ല' (ഖുർആൻ 17:15)

മനുഷ്യരുടെ സുരക്ഷിതത്വ ബോധം ഒരുനിമിഷം കൊണ്ട് തട്ടിത്തെറിപ്പിച്ച് അവനെ ഭ്രാന്തമായ മാനസിക സമ്മർദ്ദത്തിന്റെ മറ്റൊരു ലോകത്തേക്ക് കൊണ്ടു പോകുന്ന ദുരന്തങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകിയത് പ്രവാചകൻമാരാണ്.

**ഹിജ്റ വർഷം 15–ാം നൂറ്റാണ്ടിലെ ദൈവദൂതനും, മുജദ്ദിദും, ഖലീഫത്തുല്ലയും താനാണെന്ന് വാദിക്കുന്ന മൗറീഷ്യസിലെ ഹസ്രത്ത് മുനീർ അഹ്മദ് അസീം (അ) 2010 ഏപ്രിൽ 23ന് ജുമുഅ ഖുതുബയിൽ ഉണർത്തിയ താക്കീത്.**

'മാനവരാശിയുടെ മേൽ പതിക്കാൻ പോകുന്ന അത്യാപത്തുകൾ ഭയം ജനിപ്പിക്കുന്നതാണ്. നാം കടന്നുപോകുന്ന ഓരോ ദിവസവും കരയിലും കടലിലും സംഭവിക്കുന്ന നാശങ്ങൾ ദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. തീപ്പിടുത്തം, വെള്ളപ്പൊക്കം, വിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും തകർച്ച, മൈൻ സ്ഫോടനം, അഗ്നി പർവ്വതങ്ങളിലെ ലാവാ പ്രവാഹം ഭൂകമ്പങ്ങൾ, സുനാമികൾ, കൊടുങ്കാറ്റ് തുടങ്ങി നമ്മെ ബാധിക്കുന്ന കൊടിയ വിപത്തുകളുടെ നിര വളരെ നീണ്ടതാണ്. വിശുദ്ധ ഖുർആൻ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.'

' മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. ദുഷ്കൃത്യങ്ങളിൽ നിന്ന് മടങ്ങുന്നതിന് വേണ്ടി നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക. എന്നിട്ട് നിങ്ങൾ മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെ ആയിരുന്നുവെന്ന് നോക്കുക.
(വിശുദ്ധ ഖുർആൻ 30: 42,43)

' രണ്ടായിരത്തിന്ന് മുതൽ (എന്റെ പ്രബോധന ദൗത്യം ആരംഭിച്ചതു മുതൽ) ഞാനിത് ലോകത്തോട് ആഹ്വാനം ചെയ്തു വരുന്നു. ഇസ്ലാം ഒരു പുതിയ മതമല്ല. അതൊരു ജീവിത പദ്ധതിയാണ്. അതുകൊണ്ട് മുസ്ലിംകൾ പ്രത്യേകിച്ചും മാനവരാശി പൊതുവിലും പശ്ചാത്തപിച്ചു മടങ്ങണം. വിശുദ്ധ ഖുർആനെ സമ്പൂർണ്ണ ജീവിത ദർശനമായി അംഗീകരിക്കുക. പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് നബി (സ)യെ പൂർണ്ണമായും ഉൾക്കൊള്ളുക. ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ സന്ദേശവാഹകനായ ഈ വിനീതനെ അംഗീകരിക്കുക. (ഖുത്തുബ 2010 ഏപ്രിൽ 23)

**2017 സെപ്തംബർ 29ന് നടത്തിയ വെള്ളിയാഴ്ച ഖുതുബയിൽ ഹസ്രത്ത് മുനീർ അഹ്മദ് അസീം (അ) ലോകത്തോട് മുന്നറിയിപ്പ് നൽകി**




പ്രിയ സഹോദരീ സഹോദരന്മാരെ, നിങ്ങൾ എന്നെ വിശ്വസിക്കുക. നിരവധി ദാരുണ സംഭവങ്ങൾ ഭൂമിയിൽ അരങ്ങേറുവാൻ പോവുകയാണ്. ഭൂകമ്പങ്ങൾ, വെള്ളപ്പൊക്കം ഇവ കാരണത്താൽ അനേകം ജനങ്ങളുടെ ജീവൻ നഷ്ടമാകും. ക്രൂരമായ കുറ്റകൃത്യങ്ങളും, രാഷ്ട്രങ്ങൾ തമ്മിൽ നടത്തുന്ന യുദ്ധങ്ങളും കാരണം നിരപരാധികളായ മനുഷ്യരുടെ രക്തം ചൊരിയപ്പെടും, അഴിമതികൾ നടമാടുമ്പോൾ പല രാജ്യങ്ങളും നാശത്തിലേക്ക് കൂപ്പുകുത്തും. ശക്തരായ രാഷ്ട്രങ്ങൾ ദുർബല രാജ്യങ്ങളെ തകർക്കും. ഇസ്ലാം അപകടത്തിലാണെന്ന കാര്യം വിസ്മരിച്ചുകൂട. മുസ്ലിംകൾ ന്യൂനപക്ഷമായിടത്തെല്ലാം അവരുടെ ജീവന് രക്ഷയില്ലാതാവും അല്ലയോ മനുഷ്യ സമൂഹമേ! നിങ്ങൾ വലിയ തോതിൽ മുൻകരുതലെടുക്കുകയും ഭക്ഷണങ്ങൾ സംഭരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക. കാരണം മനുഷ്യന്റെ മരണത്തിന്കാരണമാകുന്ന മാരക വൈറസ്സ് ഭൂമിയിൽ പ്രത്യക്ഷപ്പെടുകയും അത് എല്ലായിടത്തും നാശം വിതക്കുകയും ചെയ്യും. അതിനുള്ള പ്രതിവിധി കണ്ടെത്തുന്നതിനിടയിൽ ദശലക്ഷം മനുഷ്യരുടെ ജീവൻ അപഹരിച്ചിട്ടുണ്ടാകും. ആ ദിനങ്ങൾ അന്ത്യനാളിന്റെ (ഖിയാമം) പ്രതിച്ഛായ സൃഷ്ടിക്കും. എല്ലാം ഒറ്റയടിക്ക് അവസാനിക്കുന്ന ഒരു ദിനമാവില്ല. മറിച്ച് ദശലക്ഷം മനുഷ്യർ മരിക്കുമ്പോൾ തീർച്ചയായും അവരെ സംബന്ധിച്ചിടത്തോളം അവരുടെ അന്ത്യനാളിന് തുല്യമായിരിക്കും. (ഖുതുബ 2017 സെപ്തംബർ 29)

**ഹിജ്റ വർഷം 15–ാം നൂറ്റാണ്ടിലെ ദൈവദൂതനും, മുജദ്ദിദും, ഖലീഫത്തുല്ലയും താനാണെന്ന് വാദിക്കുന്ന മൗറീഷ്യസിലെ ഹസ്രത്ത് മുനീർ അഹ്മദ് അസീം (അ) 2010ലും 2017ലും നൽകിയ താക്കീത് ഒരു പ്രവചനമായി പുലർന്നിരിക്കുന്നു. (ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. വിശുദ്ധ ഖുർആൻ)**

**Dr. E. THAHIR Ameer, Jamaat ul Sahih Al Islam (North Kerala) Ph: 9746 525 847**



ഹിജ്റ വർഷം 15-ാം നൂറ്റാണ്ടിൽ അല്ലാഹു നിയോഗിച്ച മുജദ്ദിദും, ഖലീഫത്തുല്ലയുമായ

**അല്ലാഹുവിന്റെ ദൂതൻ ഹസ്രത്ത് മുനീർ അഹ്മദ് അസീം സാഹിബ്**

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ

# മുബാഹലക്ക് ക്ഷണിക്കുന്നു.

فَمَنْ حَآجَّكَ فِيهِ مِنۢ بَعْدِ مَا جَآءَكَ مِنَ ٱلْعِلْمِ فَقُلْ تَعَالَوْا۟ نَدْعُ أَبْنَآءَنَا وَأَبْنَآءَكُمْ وَنِسَآءَنَا
وَنِسَآءَكُمْ وَأَنفُسَنَا وَأَنفُسَكُمْ ثُمَّ نَبْتَهِلْ فَنَجْعَل لَّعْنَتَ ٱللَّهِ عَلَى ٱلْكَٰذِبِينَ

'നിനക്ക് (ദൈവിക) ജ്ഞാനം വന്നുകിട്ടിയശേഷം തൽസംബന്ധമായി ആരെങ്കിലും നിന്നോട് തർക്കിക്കുന്നതായാൽ (അവരോട്) പറയുക: വരൂ, ഞങ്ങളുടെ സന്താനങ്ങളെയും നിങ്ങളുടെ സന്താനങ്ങളെയും, ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും, ഞങ്ങളുടെ ആളുകളെയും നിങ്ങളുടെ ആളുകളെയും നമുക്ക് വിളിക്കാം എന്നിട്ട്, 'അല്ലാഹുവിന്റെ ശാപം കള്ളം പറയുന്നവരുടെ മേൽ ഉണ്ടാവട്ടെ' എന്ന് നമുക്ക് ഉള്ളഴിഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യാം'.

(വിശുദ്ധ ഖുർആൻ 3:61)

ഈ മൗലവിമാരോട്, ഞാൻ അവരെ വെല്ലുവിളിക്കുകയാണ് നിങ്ങൾ മുന്നോട്ടുവന്ന് എന്നെ വ്യാജനാണെന്ന് പറഞ്ഞുകൊണ്ട് ഈ മുബാഹല ഫോമിൽ ഒപ്പിടുക. നിങ്ങളുടെ എല്ലാ മാധ്യമങ്ങളിലൂടെയും എനിക്കെതിരിൽ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളുക. ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ അധ്യാപനങ്ങളെയും ഇസ്‌ലാമിന്റെ പാഠങ്ങളെയും ചവിട്ടിമെതിച്ചത് ആരാണെന്ന് തിരിച്ചറിയുവാൻ നിങ്ങൾ അല്ലാഹുവിന്റെ കോടതിയിലേക്ക് വരിക. അപ്പോൾ വ്യാജവാദിക്കും സത്യവാദിക്കുമിടയിൽ അല്ലാഹു തീർപ്പു കൽപ്പിക്കും. ഞാൻ ഈ മൗലവിമാരെ അതായത് ഖാദിയാനിലുള്ള എല്ലാ മൗലവിമാരെയും ക്ഷണിക്കുകയാണ്. ഇവർ വാഗ്ദത്ത മസീഹിന്റെ അധ്യാപനങ്ങളിൽ നിന്നും വ്യതിചലിച്ച്, ഭൂമിയിൽ തങ്ങളുടെ ദൈവമായി ഖലീഫയെ ഉയർത്തിപ്പിടിച്ചു. അവരുടെ ഖലീഫ താൻ ഈ നൂറ്റാണ്ടിന്റെ മുജദ്ദിദ് എന്നോ ഖലീഫത്തുല്ലാഹ് എന്നോ അറിയിച്ചിട്ടുണ്ടോ? അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ഒരു വെളിപാടെങ്കിലും ലഭിച്ചിട്ടുണ്ടോ? മൗലവിമാരെ വരൂ, മിർസാ മസ്റൂർ അഹ്മദ് സാഹിബിന് അല്ലാഹുവിൽ നിന്നും ലഭിച്ച ഒരൊറ്റ വെളിപാടിനെയെങ്കിലും കാണിച്ച്, അത് സ്ഥാപിക്കുക. അല്ലാഹുവിന്റെ നബി, അല്ലാഹുവിന്റെ സിംഹം പോലെയാണ് എന്ന് നിങ്ങൾക്ക് നല്ലതുപോലെ അറിയാം. അല്ലാഹു എന്നോടൊപ്പമുള്ളതുകൊണ്ട് ഞാൻ ആരെയും ഭയപ്പെടുന്നില്ല. അതല്ല, അല്ലാഹു നിങ്ങളോടൊപ്പമാണെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങളെല്ലാവരും ഒരുമിച്ച് മുന്നോട്ട് വരൂ... മുന്നോട്ട് വരൂ... ഞാൻ നിങ്ങളെ മുബാഹലക്ക് ക്ഷണിക്കുകയാണ്.

ഹസ്രത്ത് മുനീർ അഹ്മദ് അസീം (അ)

സത്യവാദിയേയും, അസത്യവാദിയേയും തിരിച്ചറിയാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് വാദിക്കുന്ന വിളിയാളനുള്ള ഈ കാലത്ത് വിശുദ്ധ ഖുർആനിന്റെ 3:61 -ാം വചന പ്രകാരമുള്ള മുബാഹലക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തയ്യാറാവുക. ഇനി അല്ലാഹു ഓരോ നൂറ്റാണ്ടിലും അയക്കുമെന്ന് വാഗ്ദാനം ചെയ്ത മുജദ്ദിദിന്റെ ആവശ്യമില്ല, ജനങ്ങളാൽ തെരഞ്ഞെടുക്കുന്ന ഖലീഫയും ഖിലാഫത്തും മതി. ഹസ്രത്ത് അഹ്മദ് (അ) എനിക്ക് ശേഷം ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഖലീഫയോ, ഖിലാഫത്തോ വരുമെന്ന് എവിടെയും പറഞ്ഞിട്ടില്ലാത്ത ഇത്തരം വ്യാജ പ്രചരണം നടത്തുന്ന അഹ്മദീ മൗലവിമാർ ആയിരം വർഷത്തേക്ക് ഇനി ദൈവിക ദൂതന്മാരുടെ ആവശ്യകത പോലമില്ല എന്നും പറയുന്നു. അല്ലാഹുവിന്റെ ഭാഷണം സിദ്ധിച്ചു വരുന്നത് അനുഗ്രഹമാണെന്നു പറഞ്ഞവരാണ് ഇപ്പോൾ മുതകല്ലിം എന്ന സിഫത്തിനെ നിഷേധിച്ചു പറയുന്നത്. എല്ലാ കാലത്തും അല്ലാഹുവിന്റെ ദൂതരെ നിഷേധിച്ച അതേ നാണയത്തിൽ തന്നെ അഹ്മദികളും അല്ലാഹുവിൽ നിന്നും വരപ്രസാദം സിദ്ധിച്ച ഹസ്രത്ത് മുനീർ അഹ്മദ് അസീം സാഹിബിനെ പല കാരണങ്ങളും പറഞ്ഞ് വ്യാജവാദിയായി മുദ്രകുത്തുന്നു. അദ്ദേഹം 2018 നവംബർ 22ന് തമിഴ്നാട്ടിൽ വന്നപ്പോൾ ചില അഹ്മദികൾ അദ്ദേഹത്തേ കയ്യേറ്റം ചെയ്യുകയും ചെയ്തു. ഈയൊരു സാഹചര്യത്തിലാണ് ഹസ്രത്ത് മുനീർ അഹ്മദ് അസീം സാഹിബ് ഇത്തരം ഒരു മുബാഹലക്ക് ആഹ്വാനം നൽകിയത്.

**Dr. E. THAHIR Ameer, Jamaat ul Sahih Al Islam (North Kerala) Ph: 9746 525 847**